പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3620

11/11/2019-ൽ മറുപടി നല്കേണ്ടിയിരുന്നത്.

## ഫിസിക്കൽ സയൻസ് എച്ച്.എസ്.ടി യോഗ്യത

**ചോദ്യം**

ശ്രീ. പി.കെ. ശശി:

**ഉത്തരം**

പിണറായി വിജയൻ

(മുഖ്യമന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് നിയമനത്തിനായി പി.എസ്.സി നിഷ്കർഷിച്ചിട്ടുള്ള യോഗ്യതാ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ: | (എ) ബന്ധപ്പെട്ട വിഷയത്തിൽ കേരളത്തിലെ സർവ്വകലാശാലകൾ നല്കിയിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ ബിരുദവും ബന്ധപ്പെട്ട വിഷയത്തിൽ തന്നെയുള്ള ബി.എഡ് / ബി.റ്റി ബിരുദവും ഉണ്ടായിരിക്കണം. കൂടാതെ കേരള എലിജിബിലിറ്റി ടെസ്റ്റ് പാസ്സായിരിക്കണം.<br>(I) ബന്ധപ്പെട്ട വിഷയത്തിൽ നേരിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ ഏതെങ്കിലും ഒരു അംഗീകൃത സർവകലാശാല തത്തുല്യമായി അംഗീകരിച്ചിട്ടുള്ളതോ ആയിരിക്കണം.<br>(ii) ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദം നേടിയവർക്കും ബന്ധപ്പെട്ട വിഷയത്തിൽ തന്നെ ബി.എഡ് / ബി.റ്റി ബിരുദമുള്ള പക്ഷം ഈ തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്.<br>(iii) നാഷണൽ കൗൺസിൽ ഫോർ റൂറൽ ഹയർ എഡ്യൂക്കേഷൻ നൽകിയിട്ടുള്ള റൂറൽ സർവ്വീസ് ഡിപ്ലോമയും ഡിഗ്രിയ്ക്ക് തുല്യമായി ഈ തസ്തികയ്ക്ക് പരിഗണിക്കാവുന്നതാണ് .<br>(iv) അപേക്ഷകർ ഫിസിക്സ്, കെമിസ്ട്രി ഇവയിലേതെങ്കിലും പ്രധാന ഐച്ഛിക വിഷയമായി ബിരുദം എടുത്തവരായിരിക്കണം. ജിയോളജി ഐച്ഛിക വിഷയവും ഫിസിക്സ്, കെമിസ്ട്രി ഇവ ഉപ ഐച്ഛിക വിഷയങ്ങളായും ബിരുദം എടുത്തിട്ടുള്ളവർക്ക് ഫിസിക്കൽ സയൻസിൽ ബി.എഡ് ഉണ്ടെങ്കിൽ ഈ |

| | | |
|---|---|---|
| | | തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ് (02.07.1996 ലെ G.O (MS) No.195/96/G.Edn)<br>(v) ഫിസിക്സ്, കെമിസ്ട്രി മുഖ്യ വിഷയമായും അതോടൊപ്പം കെമിസ്ട്രി, ഫിസിക്സ് സബ് സിഡിയറിയായും ബിരുദം നേടിയവർ മാത്രം അപേക്ഷിച്ചാൽ മതി.<br>(vi) NCERT യുടെ മൈസൂറിലെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ നടത്തുന്ന ഫിസിക്സ് - കെമിസ്ട്രി - ഗണിത ശാസ്ത്രം സ്കീമിലുള്ള BSC Ed യോഗ്യത നേടിയവർക്കും ഈ തസ്തികയിലേയ്ക്ക് അപേക്ഷിക്കാവുന്നതാണ് . (30.03.2013 ലെ G.O (P) No.117/13/G.Edn) കൂടാതെ 19.06.2012 ലെ OA 370/12 വിധി ന്യായ പ്രകാരം ബിരുദത്തിനു Physics, Chemistry എന്നീ രണ്ടു വിഷയങ്ങളും മെയിൻ അല്ലെങ്കിൽ സബ്സിഡിയറിയായി പഠിച്ചിരിക്കണം. ടി യോഗ്യതയുള്ളവർ മാത്രമാണ് തെരഞ്ഞെടുപ്പിന് പരിഗണിക്കുന്നത്. |
| ബി) | നിലവിലുള്ള യോഗ്യതാ മാനദണ്ഡങ്ങളിൽ (സി) മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | 6.06.19 ലെ സ. ഉ. (കൈ) നമ്പർ.58/19/പൊ.വി.വ പ്രകാരം ഫിസിക്സ് / കെമിസ്ട്രി മുഖ്യവിഷയമായും അതോടൊപ്പം കെമിസ്ട്രി/ഫിസിക്സ് സബ്സിഡിയറിയായും ബിരുദം നേടിയവരെ മാത്രം എച്ച് എസ് ടി (ഫിസിക്കൽ സയൻസ്) തസ്തികയിൽ നിയമിച്ചാൽ മതിയെന്ന് ഉത്തരവിട്ടിരുന്നു. ഈ ഉത്തരവിന് 06/06/19 മുതൽ മാത്രമാണ് പ്രാബല്യമുള്ളതെന്ന് 26/06/19 ലെ സ.ഉ (കൈ) നം.73/19/പൊവിവ പ്രകാരം വ്യക്തമാക്കുകയും ചെയ്തു.<br>06-06-19 വരെ ഫിസിക്സ്/കെമിസ്ട്രി ഉപവിഷയമല്ലാതെ ബി.എസ്.സി ഫിസിക്സ്, കെമിസ്ട്രി എന്നീ കോഴ്സുകൾ പഠിക്കുകയും ഫിസിക്കൽ സയൻസ് ബി.എഡ് നേടുകയും ചെയ്തിട്ടുള്ളവർക്ക് എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് ഈ ഉത്തരവ് സാരമായി ബാധിക്കുമെന്നതിനാൽ അവരെ പിന്നീട് ഒഴിവാക്കുകയുണ്ടായി. |

ഫിസിക്സ്/കെമിസ്ട്രി മുഖ്യവിഷയമായും കെമിസ്ട്രി/ഫിസിക്സ് സബ്സിഡറിയായും പഠിച്ച ഉദ്യോഗാർത്ഥികളും രണ്ടു വിഷയവും ഒരുമിച്ച് പഠിക്കാത്ത ഉദ്യോഗാർത്ഥികളും അവരുടെ വാദം അനുകൂലിച്ചു കിട്ടുന്നതിന് KAT നെ നിരവധി കേസുകളിലൂടെ സമീപിച്ചിട്ടുണ്ട്. സർക്കാരിൽ ലഭ്യമായ കേസുകൾ OA No. 1042/19, 1223/19, 1028/19, 1882/19, 1456/19, 1471/19, 1179/19, 1023/19, 880/19 എന്നിവയാണ്. ഇക്കാര്യം കോടതിയുടെ പരിഗണനയിലേക്ക് എത്തിയ സ്ഥിതിക്ക് അന്തിമ ഉത്തരവ് ഉണ്ടാകുന്ന മുറയ്ക്ക് പി.എസ്.സി യുമായി ബന്ധപ്പെട്ട് പരിശോധിച്ച് ഈ വിഷയത്തിൽ അന്തിമ തീരുമാനം സർക്കാർ കൈക്കൊള്ളു ന്നതാണ്.

സെക്ഷൻ ഓഫീസർ